# എന്റെ ഗ്രാമത്തിന്റെ നിറം

ഒരു മുന്നറിയിപ്പുമില്ലാതെ രാജു നാട്ടിൽ തിരിച്ചെത്തിയത് ഒരു വെള്ളിയാഴ്ചസന്ധ്യയ്ക്കായിരുന്നു.ഞങ്ങളുടെ നാട് ഒരു ചെറിയ കുഗ്രാമമാണ്. തിരക്കും ബഹളവും ഒന്നും തീരെയില്ല. നേർത്ത നീണ്ടുനീണ്ടുപോകുന്ന വഴികൾക്കിരുപുറവും ശംഖുപുഷ്പങ്ങൾ നിറയെ പൂത്തുനില്ക്കും. പാറപ്പുറത്ത് പണിഞ്ഞ അമ്പലത്തിനു ചുറ്റും മുട്ടോളമെത്തുന്ന കാട്ടുപുല്ലുകളാണ്. അരയിൽ ഒരൊറ്റത്തോർത്തും കൈയിൽ ഒരു കുറുവടിയുമായി മലമുകളിലേക്കു പോകുന്ന കാട്ടുപാതയിലൂടെ ചുറുചുറുക്കോടെ നടന്നു നീങ്ങുന്ന കാരണവന്മാർ. തന്നെ താനാക്കിയ നഗരവും അവിടത്തെ ഉന്നതമായ ഉദ്യോഗവും അതിന്റെ കണ്ണഞ്ചിക്കുന്ന പ്രൗഢിയും ഒക്കെ ഉപേക്ഷിച്ച് ഒരു സുപ്രഭാതത്തിൽ രാജു തിരിച്ചെത്തിയത് ഈ ഗ്രാമത്തിലേക്കാണയിരുന്നു. ഇനി തിരിച്ചുപോകുന്നില്ലെന്നാണ് ചോദിച്ചപ്പോൾ രൂജു പറഞ്ഞതത്രെ. മേൽ കഴുകിവന്ന് അയയിൽ ഈറൻ തുണികൾ ഉണക്കാനിടുമ്പോൾ നാണിയമ്മയാണ് എന്നോടു പറഞ്ഞത്. അദ്ഭുതത്തേക്കാളേറെ എനിക്ക് ദേഷ്യമാണ് തോന്നിയത്. ചെറുപ്പത്തിന്റെ ഊക്കിൽ പലതും തോന്നും. വരട്ടെ ഇങ്ങോട്ട്, സ്വന്തം തലയ്ക്ക് അവനവന്റെ കൈയേ താങ്ങാവൂ എന്ന് എപ്പോഴാണാവോ ഈ കുട്ടികൾ മനസ്സിലാക്കുക!''രാജുവിനെ പറഞ്ഞു ബോധിപ്പിക്കാൻപക്ഷേ,നന്നേപണിപ്പെടേണ്ടിവരും.''ഞാനോർത്തു.കുട്ടികൾഎത്രപെട്ടെന്നാണു വലുതാവുന്നത് ! അയൽവക്കത്തെ പതിനേഴു വയസ്സുകാരി കാമുകി മറ്റൊരുത്തനെ കല്യാണംകഴിച്ചു പോയപ്പോൾ രണ്ടുദിവസം മുഴുവൻ വാതിലടച്ചിരുന്ന് കരഞ്ഞതാണ് രാജു. ''ബുദ്ധിയുള്ള പെണ്ണ്!'' അന്ന് രാജുവിന്റെ കരഞ്ഞുവീർത്ത മുഖംനോക്കി ഞാൻ ചിരിച്ചു. ''മീശേംകൂടി മുളയ്ക്കാത്ത നിയ്യ് എങ്ങനാ പെണ്ണിനെ പോറ്റ്വാ ?''

''സ്നേഹംന്ന് പറഞ്ഞാ പണാണ് നിങ്ങൾക്കൊക്കെ.'' രാജു അവജ്ഞയോടെ മുഖംതിരിച്ച്, നാടകീയമായി വീണ്ടും എന്നെ ഉറ്റുനോക്കി. ''കഷ്ടം.'' രാജു പറഞ്ഞു: ''അതിനപ്പുറം ഒന്നും ഇല്ലേ ഈ ലോകത്തില്?''

''പലതും---'' താനന്ന് പൊടുന്നനെ പറഞ്ഞുപോയി: ''പക്ഷേ, കണ്ടുപിടിക്കാനും തന്റേതാക്കാനും മിടുക്കുവേണം. ജനിച്ചുവരുമ്പോൾ, വെള്ളിത്തളികയിൽ ഒക്കെ ഒരുക്കി മുമ്പിൽത്തരാൻ ആരേയും കൂടെ കൊണ്ടുപോന്നില്ലല്ലോ. പെണ്ണുകെട്ടീല്ല്യാന്നുംപറഞ്ഞ്ചെക്കനിരുന്ന്കരയാണ്!''

ലളിതമായ വസ്ത്രങ്ങൾ ധരിച്ച്, തീൻമേശയുടെ അപ്പുറത്ത് എനിക്കെതിരേ ഇരുന്ന് ഗ്രാമത്തിൽ തുടങ്ങാനുദ്ദേശിക്കുന്ന സ്വന്തം പദ്ധതിയേയും മോഹങ്ങളേയും കുറിച്ച് ആവേശത്തോടെ സംസാരിക്കുന്നചെറുപ്പക്കാരനെ കാൺകെ ഞാനിതെല്ലാം ഓർത്തു. പഠിപ്പും തന്റേടവും ഉള്ള രാജു ഒരാദർശവാദിയായിരുന്നു.അതുകൊണ്ടുതന്നെ മനുഷ്യരെസ്നേഹവും.

നാം ഓരോരുത്തരും ഒരുപക്ഷേ, ജീവിതത്തിൽ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ രാജുവിനെപ്പോലെ ആയിരുന്നിരിക്കണം. രാജുവിന്റെ മുഖത്തെ നിറഞ്ഞ ഉത്സാഹവും വിശ്വാസവും ഗൗരവവും ഒക്കെ ഒരു നറും ചിരിയോടെ കാണുകയായിരുന്നു ഞാൻ. എന്നട്ട് ജീവിച്ചു ജീവിച്ച്, രാജുവിന്റെ മുഖത്തെ പ്രകാശത്തിനു പകരം വയ്ക്കാൻ എന്റേതുപോലെത്തെ ഈ ചിരി നാം കണ്ടുപിടിക്കും --ഞാനോർത്തു. നമ്മുടെ കണ്ണുകൾക്ക്പിന്നെമുഖംമൂടിയുടേതുപോലെസ്ഥായിയായഭാവമായിരിക്കും.

''ഒക്കെ ശരി,''ഞാൻപറഞ്ഞു,''പക്ഷേ,ഇനിഒരിക്കൽക്ഷീണിച്ചമുഖവുമായിവന്ന്മേശപ്പുറത്തിടിച്ച് മനുഷ്യരെകുറ്റംപറയരുത്. പൂവിരിച്ചവഴിയൊന്നുമല്ല മുമ്പിൽ.''

''അതിനാണ് ഓപ്പോളേ ഈ കൈ.'' രാജു പറയും, ''കാല് ഒന്നു മാറ്റിക്കുത്താൻസ്ഥലംണ്ടായിരുന്നൂങ്കില് ഈ ഭൂമി ഒന്നുപൊന്തിച്ചുനോക്കാമായിരുന്നഎന്നുപറഞ്ഞആളെ കേട്ടിട്ടുണ്ടോ ഓപ്പോള് ?''

ഞാൻ ചിരിച്ചു. ചെറുപ്പക്കാരെ സംഘടിപ്പിക്കുന്നതും ആവേശത്തോടെ രാജു പണിയെടുക്കുന്നതും ഒക്കെ ഞാൻ കൗതുകത്തോടെ കണ്ടു. രാജുവിന്റെ സ്ഥാപനം നാട്ടിൽ പതുക്കെപ്പതുക്കെ സംസാര വിഷയമായി. ഗ്രാമത്തിലെ കാരണവന്മാർ രാജുവിനെക്കണ്ടാൽ നടത്തം നിറുത്തി കാര്യമായി സംസാരിക്കാൻ തുടങ്ങി.തഴമ്പിച്ചകൈപ്പടങ്ങൾതലയിൽഅമർത്തിവച്ച്അവർരാജുവിനെഅനുഗ്രഹിച്ചു.

എന്റെ മുഖത്തെ ഗൗരവത്തിന്റെ പുറംചട്ട പതുക്കെപ്പതുക്കെ നേർത്തു. എനിക്കു നല്ല സന്തോഷം തോന്നി. ഏകാന്തവും നഗ്നവുമായ ഒരു മുറിയിലെ ഒറ്റപ്പൂപോലെ എന്തിനെന്നില്ലാതെ അതെന്നെ ആഹ്ലാദിപ്പിച്ചു. ഉറങ്ങിക്കിടക്കുന്ന ഈ ഗ്രാമത്തെ കുലുക്കിയുണർത്തിയേ വിടൂ എന്ന ഭാവമായിരുന്ന രാജുവിന്. കൃഷ്ണനെ, രാജു സ്വന്തം സഹായിയായി എനിക്കു പരിചയപ്പെടുത്തിയപ്പൊൾ ഞാൻ അമ്പരന്നുപോയത് അതുകൊണ്ടാണെന്നു തോന്നുന്നു. ബിരുദധാരിയും തൊഴിൽരഹിതനുമായിരുന്നു കൃഷ്ണൻ. തൊട്ടാൽകരയുമെന്ന ഭാവമായിരുന്നുകൃഷ്ണന്റെമുഖത്തെപ്പോഴും.

''കൃഷ്ണനെത്രവയസ്സായി ?''ഞാനൊരിക്കൽ ചോദിച്ചിട്ടുണ്ട്.

''ഇരുപത്തഞ്ച്.''

''ഇങ്ങനൊക്കെ ആയാ മത്യോ ?'' ഞാൻ ചോദിച്ചു: '' അച്ഛനും അമ്മയ്ക്കും വയസ്സായി. ആരാ

അവർക്കൊരു തണല്?''

''അവർക്ക് ഞാനൊരു ഭാരമാണ്. '' ചെറുപ്പം നിറഞ്ഞ കണ്ണുകളിൽ നനവിന്റെ പാടയോടെ കൃഷ്ണൻ പറഞ്ഞു: ''എല്ലാവർക്കും ഞാനൊരു ഭാരമാണ്, എനിക്കറിയാം. പക്ഷേ, ജനിച്ചുപോയില്ലേ ? ഞാനല്ലല്ലോ അതിനുത്തരവാദി.''

അവരൂല്ലാക്യ്യാ,'' ഞാൻ പൊടുന്നനെ പറഞ്ഞു. ''അല്ലെങ്കിൽ ത്തന്നെ തീറ്റിപ്പോറ്റി ഏറെക്കാലായി അവര് ആ കുറ്റത്തിന് പ്രായശ്ചിത്തം ചെയ്യണ്ണ്ടേനീം,'' കൃഷ്ണന്റെമുഖം ചുവന്നു.എനിക്കെന്തെന്നില്ലാത്ത സന്തോഷം തോന്നി. വിണ്ട കാലടികൾ പകുതു ഊന്നി നൊണ്ടിക്കൊണ്ട് അവന്റെ അമ്മ അയൽവക്കത്തെ കിണറിൽനിന്ന് വെള്ളം ഏറ്റിവരുമ്പോൾ കൃഷ്ണൻ പൊളിഞ്ഞ കസേലയിൽ കാലുംനീട്ടിവച്ച് പുസ്തകം വായിക്കുകയാവും.

''അവനൊന്നും ആയില്ല കുട്ട്യേ !'' ആ അമ്മ കരയാറുണ്ട്. ''ഇത്രൊക്കെ പഠിപ്പിച്ചെത്തിച്ചപ്പോ ഒരു താങ്ങാവുംന്നാകരുത്യെ. ഇപ്പോകന്നുപൂട്ടാനും കൊള്ളില്ലാന്നായി.''

''ഉം?''ഞാൻചോദിക്കും.

''ഇത്രൊക്കെ പഠിപ്പിച്ചെത്തിച്ചിട്ട് എങ്ങനാ അവനോട് കന്നുപൂട്ടാൻ പറയ്ാ? ഷർട്ടഴിച്ചിട്ട് കോലായിലുംകൂടി ഇരിക്കാത്ത പ്രകൃതാ.സത്യംപറഞ്ഞാഅങ്ങാനീന്ന് ഇത്തിരി ഉപ്പ് മേടിച്ചുവരാൻപറഞ്ഞാ അവൻകൂട്ടാക്കാറില്ല. പോരായ്മതോന്നണേന്അവനേംപറഞ്ഞിട്ട് കാര്യല്യാന്ന് വെച്ചോളൂ.''

''എത്രകാലാനിങ്ങളവനെഇങ്ങനെതീറ്റിപോറ്റ?''

''അതന്നാ ഞാനും നിരീക്കണ്.'' അവർ വീണ്ടും കരയും. ''എന്റെ കണ്ണടഞ്ഞാ എന്താ അവന്റെ ഗതിണ്ടാവാ ?''

''വെശന്നാ തെണ്ടിച്ച് തിന്നോളും നാണ്യേമ്മേ.'' ഞാൻ പറഞ്ഞിട്ടുണ്ട്. ''അതോടെ അവൻ നേരാവും ചെയ്യും.''

''വെറും നിരാശ,'' പക്ഷേ, രാജു പറഞ്ഞു. ''രണ്ടുമാസം കഴിയട്ടെ, കൃഷ്ണൻഎത്രമിടുക്കനാവുമെന്ന് ഓപ്പോള് കണ്ടോള്ളൂ. അവസരങ്ങളാണ് അവർക്കില്ലാത്തത്.''കൃഷ്ണനെ മാത്രമല്ല കൃഷ്ണനെപ്പോലെയുള്ള പലരേയും രാജു മെരുക്കിയെടുക്കുന്നതു കണ്ടപ്പോൾ അഭിമാനം തോന്നി. ഉത്സാഹത്തിന്റെയും പരിശ്രമത്തിന്റെയുംവിജയം.

സന്ധ്യയ്ക്ക് കൊളുത്തിവച്ച നിലവിളക്കു കെടുത്തി കുട്ടികൾക്ക് ഊണുകഴിക്കാൻ ഇലവയ്ക്കുമ്പോഴാണ് രാജു വീട്ടിലെത്തുക. മുഖം നിറയെക്ഷീണവും അതിനുമുകളിൽ ഒരു നേർത്ത ചിരിയും ഉണ്ടാവും. മേൽ കഴുകിവന്ന്, തേച്ച് തുടച്ചിട്ട നിലത്ത് മലർന്നുകിടക്കുമ്പോൾ, ഇരുളുന്ന സന്ധ്യയ്ക്കെതിരെ ആചിരിരാജുവിന്റെ മുഖം മുഴുവൻ നിറയും. ''ഇപ്പഴോ ഓപ്പളേ!'' രാജു ചോദിക്കും. ''നമ്മുടെ ഗ്രാമംഎങ്ങനെ ?''

''നല്ലതുവരട്ടെ,'' രാജുവിന്റെ മുഖത്തെസന്തോഷം നോക്കിഞാൻഭീതിയോടെപറയും,''നല്ലതുവരട്ടെ.''

അപ്രതീക്ഷിതമായി രാജു നേരത്തേ എത്തിയപ്പോൾ എന്തോ പന്തികേടുണ്ടെന്നു തോന്നിയത് അതുകൊണ്ടാണ്.

''എന്തേ?'' ഉമ്മറപ്പടിയിൽനിന്നുകൊണ്ട്ഞാൻചോദിച്ചു.

നേർത്തചുകപ്പുനിറംപടർന്നകണ്ണുകൾഎന്റെനേരേഉയർത്തിരാജുചിരിച്ചു.

''നാടകംകളിക്ക്യാതെകാര്യംപറയണ്ണ്ടൊനിയ്യ്?''

രാജു പറഞ്ഞപ്പോൾ കുട്ടിക്കളിപോലെ തമാശയായാണു തോന്നിയത്. ആഫീസിലെ ശിപായി ലീവായിരുന്നതിനാൽ മാനേജർക്ക് കുടിക്കാനുള്ള വെള്ളം ആര് കോരിക്കൊണ്ടു വയ്ക്കുമെന്നതായിരുന്നത്രേ പ്രശ്നം.

''അതെന്റെ ജോലിയല്ല'' മറ്റൊരു ജോലിക്കുവേണ്ടി നിയോഗിക്കപ്പെട്ട ശങ്കരൻകുട്ടി കൃഷ്ണനോട് പറഞ്ഞത്രെ. ''തനിക്കു വേണേങ്കില് പോയി കൊരടോ വെള്ളം അവൻ കല്പിക്കാൻ വന്നിരിക്കുന്നു!''നിത്യ വേതനക്കാരനായ ശങ്കരൻകുട്ടിയെ അനുസരണക്കേടിന് ശിക്ഷിക്കാനും പിരിച്ചുവിടാനും കൃഷ്ണൻ തുടങ്ങുമ്പോഴാണ് ഞാനവിടെ ചെന്നുകയറിയത്. നിത്യവേതനക്കാർ മുഴുവൻ കൈകെട്ടി ഒരു നിരയിൽ. ബാക്കിപ്പേർ എതിരെ മുഖാഭിമുഖം. നിറയ്ക്കാത്ത മൺകൂജയ്ക്കുപിന്നിൽ മുഖം നിറയെ നീരസവുമായി കൃഷ്ണൻ. ''ഒപ്പോൾ വിശ്വസിക്കില്ല'' രാജു പറഞ്ഞു: എതിർ ചേരികളിലെ നോട്ടങ്ങൾ തമ്മിലുരഞ്ഞാൽ തീആളുമെന്ന്എനിക്കുതോന്നി. ദേഷ്യംകൊണ്ട്പുകഞ്ഞമുഖങ്ങളിൽപകകനലുപൊലെനീറി.''

''എന്നിട്ട്?''

''ഈ നട്ടപ്പൊരിവെയിലത്ത് ഒരു തുള്ളി വെള്ളമില്ലാതെ ഇരിക്കാൻഎനിക്കുബുദ്ധിമുട്ടാണ്,''കൃഷ്ണൻ പറഞ്ഞു:ആരു വെള്ളംകോരും എന്നതാണ് പ്രശ്നം.''

''കൃഷ്ണനുള്ള വെള്ളംഞാൻകൊണ്ടുവന്നു തരാം.'' രാജുപറഞ്ഞു.''പണിതുടങ്ങിക്കോളൂ.''

''വെള്ളവുമായി ഞാൻ തിരിച്ചുവരുമ്പോൾ നിരാശയും അവിശ്വാസവും കലർന്ന മുഖഭാവത്തോടെ

ആൾക്കൂട്ടംപിരിഞ്ഞുതുടങ്ങുകയായിരുന്നു.

''അവസാനംകൃഷ്ണൻതലയുയർത്തി.'' രാജുപറഞ്ഞു.കണ്ണുകളിൽ ദേഷ്യം പന്തംപോലെ ആളി.

''ആ ശങ്കരൻകുട്ടിയുടെ മുന്നിൽ എന്നെ ചെറുതാക്കി.'' കൃഷ്ണൻ വെള്ളം മുഴുവൻ ഒഴിച്ചുകളഞ്ഞ് രാജുവിനു നേരെചീറി.''ഇതാശരി?''

''കഷ്ടം!''അതുനോക്കിനില്ക്കെ രാജു ചിരിച്ചത്രെ.''ഇങ്ങനെകുട്ടിയാവാമോ കൃഷ്ണൻ ?''

'രാജു ഏട്ടൻ എന്നെ അപമാനിക്കുകയാണ്, '' കൃഷ്ണൻ പറഞ്ഞു: ''ഇന്ന് വെള്ളം കോരൽ. നാളെ കക്കൂസ്കഴുകലാവും.വർഗചൂഷണങ്ങളുടെആദ്യത്തെപടികൾഇതുതന്നെയാണ്.''

ഞാൻ ഏറെനേരം കൃഷ്ണനെത്തന്നെ നോക്കിനിന്നു. നമുക്ക് നമ്മോടുതന്നെ അതിരുകവിഞ്ഞ ചുച്ഛവും പാവവും തോന്നുന്ന നിമിഷങ്ങളുണ്ട്. രാജു പറഞ്ഞു: ''ഒരു മൂന്നോ നാലോ കൊല്ലത്തിനു മുമ്പയിരുന്നെങ്കിൽ ഞാനപ്പൊ അവനെ അടിച്ചേനെ. പിന്നെ എനിക്ക് പാവംതോന്നി. അജീർണത്തിന്റെ പിടിച്ചാൽ കിട്ടായ്കയ്ക്ക് രോഗികളോട് തട്ടിക്കേറിയിട്ടു കാര്യമില്ല.'' രാജു വിരൽ ഞൊട്ടകൾ പൊട്ടിച്ച് ചാരിയിരുന്നു.

രാജുവിന്റെ മുഖത്തെ നിസ്സഹായത എന്റെ മനസ്സിൽ പലയിടത്തും തട്ടി. ഏൗ മുഖഭാവം ഞാൻ കടന്നുവന്ന വഴിയുടെ ഒരു ഭാഗമാണ്. പുറപ്പെട്ടതു മുതൽ, ചിറകിൽനിന്നു പതുക്കെപ്പതുക്കെ കൊഴിഞ്ഞുവീഴുന്ന തൂവലുകൾ കഴിഞ്ഞ് ബാക്കിയാവുന്ന നഗ്നമായ എല്ലിൽ നാം ശേഖരിക്കുക ഈ ഭാവമാണെന്ന് എനിക്കു തോന്നാറുണ്ട്. തണുത്തുറഞ്ഞ ആവേശത്തിനു മുകളിൽ ഒരു പാടപോലെ ഇതു തൂങ്ങിനില്ക്കും. മുന്നറിയിപ്പുപോലെ,നോക്കുകുത്തിപോലെ.

രാജു പിന്നേയും ഏറെനേരം ആ നേർത്ത വെളിച്ചത്തിൽ മിണ്ടാതിരുന്നു. പിറ്റേ ദിവസം രാജുവിനെ എതിരേറ്റത് കോപാകുലരായ സഹപ്രവർത്തകരായിരുന്നത്രെ. ''കൃത്യമായ തൊഴിൽ വിഭജനം'' വലിയ പ്ലക്കാർഡുകളിൽഎഴുതിഅവർപിടിച്ചിരുന്നു.''ചൂഷണത്തിനെതിരേ മരണംവരെയുദ്ധം.''

ചെകിടടപ്പിക്കുന്ന ബഹളത്തിനെതിരെ രാജു ഒരു നിമിഷം അന്തിച്ചു നിന്നു. പിന്നെ ചോദിച്ചു: ''എന്താണ്ആവശ്യങ്ങൾ?''

കൃഷ്ണൻതലതാഴ്ത്തി.

കൃഷ്ണനോട് അപമര്യാദയായി പെരുമാറിയതിന് മാപ്പു ചോദിക്കുകയായിരുന്നു അവരുടെ ആവശ്യമെന്ന് മനസ്സിലായത് രാജുവിന്ഏറെക്കഴിഞ്ഞാണ്.

''ചെയ്ത സമസ്താപരാധങ്ങൾക്കും മാപ്പ്.'' രാജു ഓരോരുത്തരോടും പറഞ്ഞു: ''ഇനി ഇതാവർത്തിക്കുകയില്ല.''

മുൻനിരയിലുള്ളവർ ഒരു നിമിഷം അടികൊണ്ടപോലെ അമ്പരന്നുനിന്നു. പിന്നെ പതുക്കെ തലതാഴ്ത്തി.

''കൃഷ്ണൻ ഇത് ഇന്നലയേ പറഞ്ഞിരുന്നെങ്കിൽ നമുക്കെല്ലാവർക്കും ഇത്രയും സമയം വെറുതെ കളയാതെകഴിക്കാമായിരുന്നു.''

രാജു ഔപചാരികമായ മാപ്പു പറയലിനുശേഷം കൃഷ്ണനോടു പറഞ്ഞത്രെ: ''സമയത്തിന്റെ വില നമ്മളൊക്കെ മറക്കുന്നു.''

''നോക്ക്,''ആൾക്കൂട്ടത്തിനിടയിൽനിന്നും ഒരാൾവിളിച്ചുപറഞ്ഞു: ''അവന്റെ ആ ലാഭക്കൊതി നോക്ക്.''

ആൾക്കൂട്ടത്തിനെതിരേ, ആ ശബ്ദത്തിനെതിരേഒരുനിമിഷംരാജുഅനങ്ങാതെനിന്നു.

പിന്നെ പതുക്കെ, തുറക്കാൻ തുടങ്ങിയിരുന്ന ഗേറ്റിലൂടെ, ചിറകുകൾ ഒതുക്കകിപ്പിടിച്ച് അകത്തുകടന്നു.

പക്ഷേ, കാര്യങ്ങൾ, ഈയിടെ നമുക്കൊക്കെ അറിവുതുപോലെ അവിടംകൊണ്ടവസാനിച്ചില്ല. അന്നു വൈകുന്നേരംഞങ്ങളുടെ ഗ്രാമത്തിന്റെസംരക്ഷണച്ചുമതലവഹിക്കുന്ന പോലീസുദ്യോഗസ്ഥൻവീട്ടിൽവന്നു. നാട്ടുകാരണവരും ഉണ്ടായിരുന്നു,കൂടെ.

''രാജു ഇവിടെഇല്ല.എന്തേവേണ്ടതാവോ?''

''അല്ലാ, ആ ചെക്കൻ കൃഷ്ണനൊന്നും ഒരു കഥല്ലാന്ന് പറയേ്,'' കാരണൊര് പറഞ്ഞു. ''ഈ രാമുട്ട്യാരോട് ഒരു വാക്ക്പറഞ്ഞാഅവൻപോയിട്ട്അവന്റെതന്തടെ പൊടിണ്ടാവില്ല്യ.''

വായിലെ മൂന്നുംകൂട്ടി മുറിക്കിയത് മുറ്റത്തേക്ക്കാറിത്തുപ്പി രാമുട്ട്യാര്നിവർന്നിരുന്നു.

''വയറ്റില്കെടക്കണവറ്റ് വെലങ്ങനെകുത്തീട്ടാ.''അയാൾപറഞ്ഞു.''മുഖത്തൊന്ന്തറപ്പിച്ച് നോക്ക്യാ അപ്പൊ മൂത്രം മുത്തും നാറ്വോള്. ഒറ്റദിവസം മതിക്യാപിന്നെചാവ്വോളം നീർന്ന്നിക്കില്ല ചെക്കൻ.''

ഞാൻ ചിരിച്ചു. ആ ചിരിപിന്നെ എങ്ങനെയാണ് നിറുത്തേണ്ടതെന്ന് അറിയാത്തതുകൊണ്ട് ഞാൻ കൂട്ടിച്ചേർത്തു: രാജുഇവിടെ ഇല്ല.''

''അങ്ങനൊന്നുംഇവിടുന്ന്പറയരുത്.''ഇരുന്നിടത്തുനിന്ന്അയാൾപെട്ടെന്നെഴുന്നേറ്റ്എന്റെഅടുത്ത് തിണ്ണയിൽ വന്നിരുന്നു. 'മൂത്ത ചെക്കൻ മാനംനോക്കി ഇരിക്കാൻ തുടങ്ങീട്ട് കൊല്ലം രണ്ടായി.

എംഎൽ.എ.മാരേം പ്രസിഡ!ന്റുമാരേം ഒക്കെ ശ്ശി കണ്ടു. നേരാംവണ്ണം കണ്ടു. ഒരു ഫലോംല്ല്യ. എലക്ഷന് നീം കഴിയണല്ലൊകാലം.''

എന്റെ മുഖത്തെ ചിരി പ്രോത്സാഹജനകമായതുകൊണ്ടായിരിക്കണം അയാൾ വീണ്ടും എന്റെ അടുത്തേക്ക് കുറെക്കൂടി നീങ്ങിയിരുന്നു; കൺതടങ്ങളിലെ കറുപ്പും ചുളിവുകളും എനിക്ക് വ്യക്തമായി കാണത്തക്കവിധം. ഭക്ഷണമില്ലാതെ ഒട്ടിയ കവിളിലും പീളകെട്ടിയ കണ്ണുകളിലും ഞാൻ പ്രതീക്ഷിച്ചിരുന്ന ഔദ്ധത്യത്തിനുപകരം ഉണ്ടായിരുന്നഅതിരുകളില്ലാത്തദൈന്യംഎന്നെസ്പർശിച്ചുഎന്നുപറയാതെവയ്യ.

''രാജുവരട്ടെ,''ഞാൻപറഞ്ഞു:''ഞാനപറയാം.''

''ഇല്ല്യാന്ന് പറയരുത്.'' ഇരുന്നിടത്തുനിന്ന് രാമുട്ട്യാര് പിടഞ്ഞെണീറ്റു. ''രണ്ടോ മൂന്നോ നാളെത്തന്നെ ഞാനിവിടെ എത്തിച്ചോളാം.'' വെറ്റിലയുടെ ഞരമ്പുളിലൂടെ ഉഴിഞ്ഞുഴിഞ്ഞ് അയാൾ അപമാനിക്കപ്പെട്ടവനെപ്പോലെ നിന്നു. ''വല്ല്യ സംഖ്യല്ലാന്നറിയാഞ്ഞിട്ടല്ല. ഞാൻ കൂട്ട്യാകൂടണ്ടെ ? വീട്ടിലുള്ളോറ്റയുടെ വയറു നെറച്ച് കെടത്താൻ ഞാൻ വഴി കാണ്ണില്ല. ഒരുത്തൻ കരപറ്റ്യാ അതായീലോ ഇവിടന്ന് ഇല്ല്യാന്ന് പറയരുത്.'' എന്തിനേയോ മായ്ക്കയാണെന്നപോലെ സ്വന്തം മുഖം വീണ്ടും വീണ്ടും അമരത്തിത്തുടച്ച് പിന്നെഅയാൾ തിണ്ണയിലിരുന്നു. ''കൃഷ്ണന്റെകാര്യംഞാനേറ്റു.''അയാളുടെ ശബ്ദം മുങ്ങി മുങ്ങിപ്പോകുന്ന ഒരുവന്റേതുപോലെതാണു.''ഇരുചെവിഅറിയില്ല.ഞാനേറ്റു.''

നരച്ച മുടിയും ക്ഷീണിച്ച മുഖങ്ങളും കാഴ്ചയിൽനിന്നു മറഞ്ഞപ്പോൾ, ഞാനൊരുനിമിഷം എന്റെ കോലായിലെ പഴയ കട്ടിത്തൂണിൽ ചാരിനിന്നു. അങ്ങനെ നില്ക്കുമ്പോൾ അകത്തെനിലത്തു മലർന്നുകിടന്ന് പുസ്തകം വായിക്കുന്ന രാജുവിനെഎനിക്കു കാണാം.വരണ്ടുപോയ തൊണ്ട തുപ്പലിറക്കി നനയ്ക്കാൻ ശ്രമിച്ച് ഞാൻകുറെനേരംകൂടിഅവിടെത്തന്നെനിന്നു.

''ഓപ്പോളെന്തെ അവിടെത്തന്നെ നിന്നത്?'' കിടന്ന കിടപ്പിൽ നിന്ന് ഒരു ചിരിയോടെ രാജു തിരിഞ്ഞുകിടന്നു. ''സാരല്ല്യ.ഇങ്ങോട്ടു പോരൂ.''

''എന്തെങ്കിലും ചെയ്യണുണ്ടോ നീയ്യ്?'' ഞാൻ പൊടുന്നനെ ഒരു കാരണവുമില്ലാതെ രാജുവിന്റെ നേരെ തട്ടിക്കേറി. അയാള് നാളെ അവനെ ചതച്ച് ഒന്നിനും കൊള്ളാതെയാക്കും. മാനം നോക്കികെടക്കണു! മനുഷ്യസ്നേഹി!

രാജു ഒരുനിമിഷം തലയുയർത്തി എന്നെ നോക്കി. പിന്നെ പുസ്തകത്തിന്റെ താളുകളിലേക്ക് തന്നെ മടങ്ങി.

''പൂവു. പോയി എന്തെങ്കിലും ചെയ്യാൻ.'' ഞാൻ ശുണ്ഠിയോടെ പറഞ്ഞു. '' ആ നാണ്യേമ്മ നിന്നനില്പിൽ മരിക്കും രാജു.''

''ഒന്നൂല്ല്യ ഓപ്പോളേ ചെയ്യാൻ ! തിരുത്തിയെഴുതാൻ തുടങ്ങ്യാ കുറെ പിന്നിൽനിന്നു വേണം. നമുക്കൊന്നുംകയ്യെത്തീന്ന്വരില്ല.''

കിടന്നിടത്തുനനിന്ന് രാജു എഴുന്നേറ്റ്നിവർന്നിരുന്നു.

''കൃഷ്ണൻ ആസ്പത്രീലാണ്,'' നിലത്തെ നേർത്ത പൊടിയിൽ വിരലോടിച്ചുകൊണ്ട് രാജു പറഞ്ഞു: ''ശങ്കരൻകുട്ടിയാണത്രെ പിന്നിൽ. അയാളുടെ പാർട്ടിക്കാരനാണ് പോലീസ് മന്ത്രിയെന്ന് ! ശങ്കരൻകുട്ടി എനിക്കും തന്നിട്ടുണ്ട്താക്കീത്.''

ഞാൻഅന്തംവിട്ടുനിന്നു.

കൂലംകുത്തിപ്പതഞ്ഞൊഴുകുന്ന കലക്കവെള്ളത്തിനു മുകളിൽ ഒരു കയറിൽത്തൂങ്ങിനില്ക്കുന്നമാതിരിയാണ് എനിക്ക് സ്വയം തോന്നിയത്. പുറത്ത്, മാനം ആകെ കറുക്കുന്നത് ഞാൻ കണ്ടു. വൈകുന്നെരത്തെ കളി കഴിഞ്ഞു തിരിച്ചെത്തിയ മകനെ പൊടുന്നനെ ഞാൻ മാറോടടക്കി. അവനെ എവിടെ ഒളിപ്പിക്കാമെന്നായിരുന്നു. ഞാനോർത്തത്. പക്ഷേ, ഈ ആകാശം ഒരു ഫണംപോലെ തലയ്ക്കുമീതെനില്ക്കുമ്പോൾഎനിക്ക് രക്ഷപ്പെടുകസാധ്യമല്ലെന്ന് നിങ്ങൾക്കുമറിയാം.അവസാനം മനസ്സിൽ കുമിഞ്ഞുകൂടുന്ന നീലപ്പുമായി മകനെ ആവുന്നത്ര എന്നോട് അടുപ്പിച്ച് ഞാൻ ആ വലിയ ആകാശത്തിനു കീഴിൽ ഒറ്റയ്ക്കുനിന്നു.അനാഥയെപ്പോലെ.